**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2638** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളുടെ നവീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി കോളനികളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളുടെ സമഗ്ര വികസനത്തിനായി 2012-13, 13-14 സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിയിരുന്നു. അംബേദ്കർ ഗ്രാമ വികസന പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളുടെ സമഗ്ര വികസനത്തിനായി ടി പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നു. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലകൾക്ക് അനുവദിച്ചു നൽകുന്നു. 25.00 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ജില്ലാതല കമ്മിറ്റി അംഗീകാരം നൽകുന്നു. 25 ലക്ഷത്തിന് മുകളിലുള്ള പദ്ധതികൾക്ക് സർക്കാർ അനുമതി നൽകുന്നു. |
| (ബി) | പദ്ധതി നടപ്പാക്കുന്ന കോളനികളിലെ വികസന പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കാതെ ടെണ്ടർ ചെയ്ത് നൽകാൻ സാധിക്കുമോ; | (ബി) | വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ നേരിട്ട് ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിന് കഴിയില്ല. |
| (സി) | നേരത്തേ ഏൽപ്പിച്ചിരുന്ന ഏജൻസിയായ സിഡ്കോയെ ഒഴിവാക്കാനുള്ള കാരണം എന്താണ്; | (സി) | ഏജൻസിയായ സിഡ്കോയെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |
| (ഡി) | നിലവിലുള്ള ഏജൻസികളും പ്രവൃത്തികൾ | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| | അനന്തമായി നീട്ടിക്കൊണ്ട് പോവുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഫീൽഡ് തലത്തിലും ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ